ആലുവയിൽ ആദായനികുതി ഉദ്യോഗസ്ഥർ ചമഞ്ഞ് വീട്ടിൽ നിന്ന് സ്വർണ്ണവും പണവും കവർന്ന കേസിൽ ഒരാൾ കൂടി പിടിയിൽ. കണ്ണൂർ കൂത്തുപറമ്പ് കായലോട് പള്ളിപ്പറമ്പത്ത് (ഇപ്പോൾ പതിരായാട് നഹ്‌ല മൻസിലിൽ താമസം ) അബ്ദുൾ ഹമീദ് (42) നെയാണ് പ്രത്യേക അന്വേഷണ സംഘം പിടികൂടിയത്. കൃത്യത്തിൽ നേരിട്ട് പങ്കെടുത്തയാളാണ്. ഇയാൾക്കെതിരെ ലുക്ക്ഔട്ട് നോട്ടീസും പുറപ്പെടുവിച്ചിരുന്നു. സംഭവത്തിന് ശേഷം ഒളിവിൽ പോയ അബ്ദുൾ ഹമീദിനെ കാഞ്ഞങ്ങാട് വീട് വളഞ്ഞാണ് പോലീസ് പിടികൂടിയത്.